## കാർഷികരംഗം

പച്ചക്കറികൃഷിക്ക് ആവശ്യമായ ജൈവവള കീടനാശിനി പ്രയോഗം

പച്ചക്കറി കൃഷിയിൽ കീടനാശിനികളുടെ അമിത പ്രയോഗം മൂലം പ്രതിരോധശക്തി നേടുന്നുവെന്നുമാത്രമല്ല, ഈ കീടനാശിനികൾ പല പരിസ്ഥതി പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും വരുത്തി വെയ്ക്കാറുണ്ട്. ഇതേ സമയം അപായരഹിതമായ പല ജൈവ കീടനാശിനികളും ഫലപ്രദമായി ഉപയോഗിക്കാമെന്ന് തെളിഞ്ഞിട്ടുണ്ട്. കുറഞ്ഞ ചെലവിൽ കർഷകർക്കു തന്നെ ഇവ തയ്യാറാക്കാം

### 1. പുകയില കഷായം

പുകയില - 500 ഗ്രാം, വെള്ളം - 4.5 ലിറ്റർ,

ബാർസോപ്പ് - 120 ഗ്രാം

പുകയില ചെറു കഷണങ്ങളാക്കി അരിഞ്ഞ് 4.5 ലിറ്റർ വെള്ളത്തിൽ ഒരു ദിവസം കുതിർത്ത ശേഷം പിഴിഞ്ഞ് സത്ത് എടുക്കുക. ബാർ സോപ്പ് ചീളുകളായി അരിഞ്ഞ് അലിയാൻ ആവശ്യമുള്ളത്ര മാത്രം വെള്ളത്തിൽ നന്നായി ലയിപ്പിച്ചെടുത്തശേഷം സോപ്പുലായനി പുകയില ലായനിയിൽ നന്നായി ഇളക്കിചേർക്കുക. ഇങ്ങനെ തയ്യാറാക്കിയ പുകയില കഷായം 6 - 7 ഇരട്ടി വെള്ളം ചേർത്തു നേർപ്പിച്ചാണു തളിക്കേണ്ടത്. മുഞ്ഞ, ശൽക്കകീടങ്ങൾ, ചെടിപ്പേൻ തുടങ്ങിയ നീരൂറ്റിക്കുടിക്കുന്ന കീടങ്ങളെ ഇതുപയോഗിച്ച് നിയന്ത്രിക്കാം.

### 2. വേപ്പിൻകുരു ലായനി

വേപ്പിൻ കുരു – ഒരു ഗ്രാം, വെള്ളം ഒരു ലിറ്റർ. വേപ്പിൻകുരു പൊടിച്ച് തുണിയിൽ കെട്ടി ഒരു ലിറ്റർ വെള്ളത്തിൽ മുക്കി വെയ്ക്കുക. പൊടി വെള്ളത്തിൽ പൂർണ്ണമായി ലയിക്കുന്നതിനായി കിഴി വെള്ളത്തിൽ ഞെക്കിപ്പിഴിഞ്ഞ് കൊടുക്കണം. 0.1% വീര്യമുള്ള ഈ ലായനി നേരിട്ട് ചെടികളിൽ തളിക്കാം. ഇല കാർന്നു തിന്നുന്ന പുഴുക്കൾ, പച്ചത്തുള്ളൻ എന്നീ കീടങ്ങൾക്ക് എതിരെ ഇത് ഫലപ്രദമാണ്.

### 3. മണ്ണെണ്ണക്കുഴമ്പ്

ബാർ സോപ്പ്- 500 ഗ്രാം, വെള്ളം-4.5 ലിറ്റർ, മണ്ണെണ്ണ- 9 ലിറ്റർ

ബാർ സോപ്പ് ചെറിയ ചീളുകളായി അരിഞ്ഞ് വെള്ളത്തിൽ തിളപ്പിച്ചെടുക്കണം. ഈ ലായനി തണുപ്പിച്ച ശേഷം മണ്ണെണ്ണ കുറേശ്ശെ ഒഴിച്ച് കുഴമ്പ് പരുവമാകുന്നതുവരെ ഇളക്കുക. ഈ കുഴമ്പ് 15-20 മടങ്ങ് വെള്ളം ചേർത്തു വേണം ഉപയോഗിക്കാൻ. നീരൂറ്റിക്കുടിക്കുന്ന കീടങ്ങളെ നശിപ്പിക്കുവാൻ ഇത് ഫലപ്രദം

### .4 വേപ്പെണ്ണ എമൽഷൻ

ബാർ സോപ്പ് അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച ലായനിയിലേക്ക് ഒരു ലിറ്റർ വേപ്പെണ്ണ ചേർത്ത് നന്നായി ഇളക്കി കുഴമ്പു പരുവത്തിലാക്കുക.

ഇത് 40 ഇരട്ടി വെള്ളം ചേർത്തു നേർപ്പിച്ച് ഓരോ ലിറ്റർ ലായനിക്കും 20ഗ്രാം എന്ന തോതിൽ വെളുത്തുള്ളി നന്നായി അരച്ചു ചേർക്കുക. ഈ ലായനി നന്നായി അരിച്ചെടുത്ത് ഉപയോഗിക്കാം. റോക്കറ്റ് പുഴു അഥവാ ചിത്രകീടത്തിന് ഫലപ്രഗദമായ മരുന്നാണ്.

### 5. നാറ്റ പൂച്ചെടി സത്ത്

നാറ്റ പൂച്ചെടി സത്ത് - ഒരു ലിറ്റർ, ബാർ സോപ്പ്-60 ഗ്രാം

പറമ്പുകളിൽ കാണുന്ന നാറ്റപൂച്ചെടി, ശവക്കോട്ടപ്പച്ച, ചടയൻ എന്നീ പേരുകളിൽ അറിയപ്പെടുന്ന ചെടിയുടെ ഇളം തണ്ടും ഇലയും വെള്ളം തളിച്ച് നീര് എടുക്കുക. ഒരു ലിറ്റർ നീരിന് 60 ഗ്രാം എന്ന തോതിൽ ബാർസോപ്പ് ചേർത്ത് ലായനിയുണ്ടാക്കുക. ഇത് പത്തിരട്ടി വെള്ളത്തിൽ നേർപ്പിച്ച് ഉപയോഗിക്കാം. പയറിലെ മുഞ്ഞ മുതലായ മൃദുകീടങ്ങളെ ഈ ലായനി ഉപയോഗിച്ച് നശിപ്പിക്കാം.

മേൽപറഞ്ഞ കീടനാശിനികളുടെ പൂർണ്ണ പ്രയോജനം ലഭിക്കുന്നതിന് അവ തുടർച്ചയായി കൃഷിയിടങ്ങളിൽ പ്രയോഗിക്കണം. അതോടൊപ്പം ഇതര സംയോജിത സസ്യസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വേണം.